ശ്രീ എം. നാരായണക്കുറുപ്പ്: സഹകരണ സംഘങ്ങളിൽ മരുന്നു വിതരണം ചെയ്യുന്നതും അന്വേഷണം ചെയ്ത ആളും ഒരാളായതുകൊണ്ട് മരുന്നിന്റെ വിതരണത്തിൽ ചില പിശകുകൾ ഉണ്ടെന്നും അതു പരിശോധിക്കണമെന്നും മുമ്പൊരവസരത്തിൽ മന്ത്രിയോട് അപേക്ഷിച്ചിരുന്നതാണ്. അതു പരിശോധിക്കാമെന്ന മറുപടിയും നൽകി. ഇപ്പോൾ അതിന്റെ നില എന്താണ്. വേറെവേറെ ആളുകളെ ഇതിലേക്ക് നിയമിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഈ മാതിരി കാര്യങ്ങൾ അന്വേഷിക്കുന്നതു് വൈദ്യന്മാർ തിരഞ്ഞെടുത്തു അയക്കുന്ന ഒരു ബോർഡാണ്. ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പുതിയ ബോർഡ് നിലവിൽ വന്നതോടുകൂടി ആ ബുദ്ധിമുട്ട് ഇല്ല എന്നാണ് മനസ്സിലാക്കുന്നതു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ആയുർവ്വേദ ആശുപത്രികളിൽ കഷായം തുടങ്ങിയവ നിർമ്മിക്കുന്നതിനു പ്രത്യേക അനുവാദം നൽകിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കഷായചൂർണ്ണം ആണ് നൽകുന്നതു്. അതു ചിലപ്പോൾ ആശുപത്രികളിൽ വച്ചു കഷായം വയ്ക്കേണ്ടതായി വന്നേക്കാം.

വിജിലൻസ് കമ്മീഷൻ നിയമനം.

* 746. [23] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാതൃകയിൽ ഈ സംസ്ഥാനത്തു് ഒരു വിജിലൻസ് കമ്മീഷനെ നിയമിക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴേക്ക് നിയമനം നടത്തും?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഈ കാര്യം ആലോചിക്കുന്നുണ്ട്,

(ബി) നിശ്ചയിച്ചിട്ടില്ല.

മണ്ണൊലിപ്പുമൂലം അണക്കെട്ടുകളിൽ ഉണ്ടായ ചെറുത്തുരുത്തുകൾ.

* 747. [24] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പിന്റെ ഫലമായി ഏതെല്ലാം അണക്കെട്ടുകളിൽ മണ്ണുവീണ ചെറുത്തുരുത്തുകൾ രൂപം കൊണ്ടിട്ടുണ്ട്;

(ബി) പീച്ചിയിൽ അങ്ങനെവല്ല തുരുത്തും രൂപം കൊണ്ടതായും അവിടെ നാട്ടുകാർ കൃഷി നടത്തുന്നതായും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലമ്പുഴയിലും മണ്ണൊലിപ്പുനിമിത്തം ഇത്തരം വിഷമതകൾ ഉണ്ടാകാതെ മണ്ണൊലിപ്പു തടയാൻ ഗവണ്മെന്റ് വല്ല പരിപാടിയും എടുത്തു വരുന്നുണ്ടോ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മണ്ണൊലിപ്പിന്റെ ഫലമായി അണക്കെട്ടുകളിൽ മണ്ണുവീണ് ചെറുത്തുരുത്തുകൾ ഗണ്യമായ തോതിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല.

(ബി) പീച്ചിയിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly